**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 911** **06-10-2021 - ൽ മറുപടിയ്ക്ക്**

**കാവ് സംരക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ സംരക്ഷിക്കുന്നതിന് വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'കാവ് സംരക്ഷണ പദ്ധതി'യിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ ഉത്തരവ് (സാധാ) നം.485/16/വനം, തീയതി 24/12.2016 നമ്പർ ഉത്തരവ് പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതി നിലവിലുണ്ട്. പ്രസ്തുത ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെ ഭാഗമായി കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ പുന:രുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധന സഹായം നൽകുന്നതിലേക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും വിപുലമായ പ്രചാരം നൽകി വരുകയും ചെയ്യുന്നുണ്ട്. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം (സാധാരണയായി ഒരു ജില്ലയിൽ നിന്നും ഒരു സാമ്പത്തിക വർഷം 5 കാവുകൾക്ക്) കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാനതല വിദഗ്ദ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽ നിന്നും സംസ്ഥാനതല വിദഗ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾ അടുത്ത 5 വർഷത്തെ പ്രവർത്തന വിവരങ്ങൾ അടങ്ങിയതും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ളതുമായ സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കി സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പുമായി ചേർന്ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് ടി കാവുകൾക്ക് അടുത്ത 5 വർഷത്തേക്ക് ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു. കാവുകളിൽ ഉള്ള ജൈവവൈവിധ്യം, |

| | | | |
|---|---|---|---|
| | | | ജലസ്രോതസ്സ്/ ജലസംരക്ഷണ കുളങ്ങൾ, വിസ്തൃതി, കാവിലുള്ള വൃക്ഷങ്ങളുടെയും ജീവജാലങ്ങളുടെയും വിശദാംശങ്ങൾ എന്നിവ പരിഗണിച്ചാണ് കാവുകളെ തെരഞ്ഞെടുക്കുന്നത്. |
| (ബി) | കോട്ടയം ജില്ലയിൽ ഏതെല്ലാം കാവുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | കഴിഞ്ഞ 3 വർഷം കോട്ടയം ജില്ലയിൽ നിന്നും ധനസഹായത്തിന് അർഹമായ കാവുകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

2018 - 19

1. വെള്ളാവൂർ ദേവീക്ഷേത്രം, വെള്ളാവൂർ
2. തേർവഴിക്കാവ്, തലയോലപ്പറമ്പ്
3. ചെക്കൻപിള്ളക്കാവ്, കടുത്തുരുത്തി
4. ശ്രീ. ഹരികുമാർ. ഹരിവിലാസം, ളാക്കാട്ടൂർ
5. കോമല്ലൂർ കാവ്, കൂരോപ്പട

2019- 20

1. നാഗവള്ളി സർപ്പക്കാവ്, മേമ്മുറി
2. ആയില്യം കാവ്, വാഴൂർ
3. കീഴപ്പുറം കാവ്, പനച്ചിക്കാടം
4. കോലത്തേട്ട് കാവ്, കൂരോപ്പട

2020-21

1. സ്വാമിയാർ മഠം തിരുവാർപ്പ്
2. പാപ്പാടി ഹനുമാൻ ദേവസ്ഥാനം, വാഴപ്പള്ളി
3. കൈതക്കാവ്, ചമ്പക്കര
4. വല്ലാഴത്ത് സർപ്പക്കാവ്, വൈക്കം